# മന്നാ

Kuwait, Dubai, Thrissur & Cochin:

2009 മെയ്





mannanewsuae@gmail.com
0503241610, 0553969791


**ഭരണാധികാരികൾക്കായി പ്രാർത്ഥിക്കുക**


വാല്യം 1 ലക്കം 3




ലോകം പന്നി പനിയുടെ ഭീതിയിൽ ?

## സ്നേഹം ആത്മഹത്യ തടയുമെന്ന്

അമേരിക്ക: ലോകത്ത് കൗമാര പ്രായക്കാരുടെ മരണത്തിനിടയാക്കുന്ന കാരണങ്ങളിൽ ആത്മഹത്യ ഒന്നാം സ്ഥാനത്താണെന്നും ഇത് തടയാൻ മാതാപിതാക്കളുടെ സാമിപ്യം കൊണ്ടും സ്നേഹം കൊണ്ടും മാത്രമേ കഴികയുള്ളു എന്ന് സാൻഫ്രാൻസ്ക്കോയിൽ നടന്ന അമേരിക്കൻ അസോസിയേഷൻ ഓഫ് സെയിസൈക്കോളജിയുടെ വാർഷീക യോഗത്തിൽ അവതരിപ്പിച്ച പഠനത്തിൽ പറയുന്നു. പരീക്ഷയിലെ തോൽവി, ലൈംഗീക ചൂഷണം, കുടുംബത്തിലെ അരക്ഷിതാവസ്ഥ തുടങ്ങിയ ഒട്ടേറെ കാരണങ്ങൾ കൗമാരപ്രായക്കാരെ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്നതായി മാനസീകാരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നവർ പറയുന്നു. കുട്ടികളുമായി നിരന്തരം ആശയവിനിമയം നടത്തി അവരെ മനസ്സിലാക്കാൻ കഴിഞ്ഞാൽ കുട്ടികളിൽ ആത്മഹത്യ പ്രവണത കുറയും.

# സുവിശേഷം അനുസരിക്കുക

അബുദാബി: സുവിശേഷം പൂർണ്ണമായി അനുസരിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനിയെന്ന് പ്രശസ്ത സുവിശേഷകൻ പി.ഐ.എബ്രഹാം (കാനം അചൻ) പറഞ്ഞു. അബുദാബി മലയാളി ക്രിസ്ത്യൻ കോൺഗ്രഗേഷൻ സംഘടിപ്പിച്ച സുവിശേഷ മാരി സംമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്നത്തെ ക്രൈസ്തവ സമൂഹം സുവിശേഷം പ്രസംഗിക്കുന്നുണ്ടെങ്കിലും പൂർണ്ണമായി സുവിശേഷത്തെ അനുസരിക്കാത്തവരായിരിക്കുന്നു. നമ്മൾ അങ്ങിനെആകരുത്.



ക്രൈസ്തവ സഭയെ ഏൽപ്പിച്ചിരിക്കുന്നത് സുവിശേഷം ലോകം മുഴുവൻ അറിയിക്കഎന്നാണ്. എന്നാൽ ഇന്ന് വിശേഷം അറിയിക്കൽ മാത്രമാണ് നടക്കുന്നത്. യേശുവുമായി യാതൊരു ബന്ധമില്ലാത്ത വലിയസഭകൾ ഇന്ന് നമ്മുടെ ചുറ്റുമുണ്ടെന്ന് അറിയണം. ഈ സഭകളുടെ നേതൃത്വം യേശുക്രിസ്തുവിന്റെ മരണത്തെ പരാജയമായി പ്രസംഗിക്കുന്നത് കാണുമ്പോൾ ദുഃഖമുണ്ട് ദൂതൻ മാർക്ക് പോലും അവകാശമില്ലാത്ത സുവിശേഷീകരണമാണ് മാനുഷ്യരായ നമ്മളെ ദൈവം ഏൽപ്പിച്ചത്. ഇത് ദൈവസ്നേഹത്തിന്റെ വലുപ്പമാണ്. ദൈവസ്നേഹം ഒരിക്കലും തോറ്റുപോകുകയില്ല. ദൈവസ്നേഹം നിറഞ്ഞിരിക്കേണ്ട വിശ്വാസികളിൽ ഇന്ന് പകയും പിണക്കവും രാഷ്ട്രീയവും നിറഞ്ഞിരിക്കുന്നു. അത് നമ്മുടെ സഭകളുടെ വളർച്ചക്ക് തടസമാകുന്നു. എന്നും അദ്ദേഹം പറഞ്ഞു. പാസ്റ്റർ ജേക്കബ് ശാമുവേൽ അധ്യക്ഷത വഹിച്ചു.

## എം.സി.സി പ്രവർത്തന ഉദ്ഘാടനം

അബുദാബി മലയാളി ക്രസ്ത്യൻ കോൺഗ്രിഗേഷന്റെ ഈ വർഷത്തെ പ്രവർത്തന ഉദ്ഘാടനം സെന്റ് ആഡ്രൂസ് ചർച്ചിൽ പാസ്റ്റർ ജോർജ്ജ് മാത്യു.കെ നിർവഹിച്ചു. രാജൻ തോമസ് അദ്യക്ഷത വഹിച്ചു. പ്രശസ്ത സുവിശേഷപ്രഭാഷകൻ ഡോ: ഐസക്ക് വി മാത്യു മുഖ്യ പ്രഭാഷണം നടത്തി. ഷെഫി തോമസ്ജോൺ മത്തായി, എ.കെ. ജോൺ പാസ്റ്റർ ജോൺസൺ കെ.ശാമുവേൽ എന്നിവർ ആശംസകൾ അറിയിച്ചു. റെജി എബ്രഹാമിന്റെ നേതൃത്വത്തിൽ ഗാനശുശ്രൂഷ നടത്തി. സെക്രട്ടറി രാജൻ തറയശ്ശേരി സ്വാഗതം ആശംസിച്ചു.

## ഇസ്രയേലിന് പിന്തുണ നഷ്ടമായി

ജറുസലേം: പലസ്തീൻ ജനതക്കെതിരായ ഇസ്രയേൽ നിലപാടുകൾക്ക് ലോക പിന്തുണനഷ്ടമായി. ഇസ്രയേൽ വിദേശ കാര്യ മന്ത്രാലയം പ്രമുഖ മാർക്കറ്റ് റിസർച്ച് ഏജൻസിയെ ഉപയോഗിച്ച് നടത്തിയ പഠനത്തിലാണ് ഇക്കാര്യം തെളിഞ്ഞത്. ഇസ്രയേലി പത്രമായ യദിയോത്ത് അഹരോനോത്താണ് സർവ്വേ റിപ്പോർട്ട് പുറത്തു വിട്ടത്. 13 രാജ്യങ്ങളിലെ വൻനഗരങ്ങ ളിലായിരുന്നു സർവ്വേ നടത്തിയത്. .

## ക്രിസ്ത്യാനിത്വം ജീവിതത്തിൽ സ്വാമി അഗ്നിവേശ്

ബാംഗളൂർ : ക്രിസത്യാനിത്വം പുസ്തകത്തിലും പള്ളിയിലുമല്ല മറിച്ച് ജീവിതത്തിൽ ആയിരിക്കണമെന്ന് ആര്യസമാജ് വേൾഡ് കൗൺസിൽ പ്രസിഡന്റ് സ്വാമി അഗ്നിവേശ്. ക്രൈസ്തവ പീഡന ത്തിന് ഇരായായവരെ പങ്കെടുപ്പിച്ച് കൊണ്ട് ഗ്ലോബൽ കൗൺസിൽ ഓഫ് ഇന്ത്യൻ ക്രിസ്ത്യൻസ് (ജി.സി.ഐ. സി)ന്റെ ആഭിമുഖ്യ ത്തിൽ മാർച്ച് 30 മുതൽ ഏപ്രിൽ 1 വരെ ബാംഗ്ളൂരിൽ നടന്ന പീഡിതരായ ക്രിസ്തീയ പ്രവർത്തകരുടെ നാലാമത്ദേശീയ സമ്മേളനത്തിൽ ക്ഷമയും ജീവിതവും എന്ന വിഷയത്തിൽ മുഖ്യപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. കാന്തമാലിലെ കലാപത്തിൽ പീഡനത്തിനിരയായി ഭർത്താക്കൻമാർ നഷ്ടപ്പെട്ടിട്ടും, ഈ ക്രൂരത കാണിച്ചവരോട് ക്ഷമിക്കുവാനുള്ള മനഃസ്ഥിതി ഉണ്ടായതിൽ തനിക്ക് സന്തോഷമുണ്ടെന്ന് സ്വാമി അഗ്നിവേശ് പറഞ്ഞു.

## എം.സി. ചാക്കോ പ്രസിഡന്റ് ഡാനിയേൽ വില്യം സെക്രട്ടറി



പാസ്റ്റർ.എം.സി. ചാക്കോ



ഡാനിയേൽ വില്യം



പി.റ്റി.പ്രദീപ്

അബുദാബി: അബുദാബി പെന്തകോസ്ത് കോൺഗ്രഗേഷൻ (ആപ്പ്കോൺ) ന്റെ ഈ വർഷത്തെ പ്രസിഡന്റായി പാസ്റ്റർ.എം.സി. ചാക്കോയെയും വൈസ് പ്രസിഡന്റായി പി.റ്റി. പ്രാസാദിനേയും സെക്രട്ടറിയായി ഡാനിയേൽ വില്യംസിനേയും ജോയന്റ് സെക്രട്ടറിയായി ബിജു തോമസിനേയും ട്രെഷറാറായി പി.റ്റി.പ്രദീപിനെയും തിരഞ്ഞെടുത്തു. ജോർജ്ജ് തോമസ് ക്വയർ ലീഡറും, പ്രയർ കോഡിനേറ്റർ മാരായി ജോൺസൻ.കെ.ശാമുവേൽ, മോനച്ചൻ.കെ.വർഗ്ഗീസ്, ജേക്കബ് ഡാനിയേൽ, ജോർജ്ജ് രാജൻ, മാത്യു തോമസ് എന്നിവരേയും പബ്ലിസിറ്റി കൺവീനരൻമാരായി ഒ.റ്റി മാത്തുകുട്ടി, റെനി ജേക്കബ്, ജോസ് തോമസ്, കെ.വി.സുനിൽ എന്നിവരേയും തിരഞ്ഞെടുത്തു.

## ഐ.സി.പി.എഫ് ക്യാംപിൽ



ഡോ. പോൾസൺ പുലിക്കോട്ടിൽ നേതൃത്വം നൽകുന്നു


വാർത്ത 4-ാം പേജിൽ

# ഷൂസ് വില്ലനാകുമ്പോൾ..........

**ഷിബു മുള്ളംങ്കാട്ടിൽ**




വീണ്ടും വാർത്താ മാധ്യമങ്ങളിൽ ഷൂസ് വില്ലനാകുന്നു. അമേരിക്കൻ പ്രസിഡണ്ടായിരിക്കെ കഴിഞ്ഞ ഡിസംബറിൽ ബാഗ്ദാദ് സന്ദർശനത്തിനെത്തിയ ജോർജ്ജ് ബൂഷിനെതിരെ ഷൂസ് എറിഞ്ഞ ഇറാഖി മാധ്യമ പ്രവർത്തകൻ മുന്ദസർ അൽ സയ്ദിയാണ് ഈ പ്രയോഗത്തിന് തുടക്കം കുറിച്ചത്. വീരപരിവേഷം ഏറെ ലഭിച്ച മുന്ദാസറിന്റെ ശിക്ഷ ഇറാഖി കോടതി മൂന്നു വർഷത്തിൽ നിന്നും ഒരു വർഷമായി കുറച്ചിട്ടുണ്ട്. സുപ്രീം കോടതിയിൽ ജഡ്ജിക്ക് നേരെ ചെരിപ്പെറിഞ്ഞ സംഭവമാണ് മറ്റൊന്ന്. ഇതിൽ പ്രതികളായ വൃദ്ധ ഉൾപ്പെടെ നാലു പേരെ തീഹാർജയിലിലേക്ക് അയച്ചെങ്കിലും പിന്നീട് കോടതി ഇവർക്ക് ജാമ്യം നൽകി. ഏറ്റവും ഒടുവിൽ കേന്ദ്രമന്ത്രി ചിദംബരത്തിന് നേരെ ഷൂ എറിഞ്ഞ് ജർണയ്ൽ സിങ്ങ് എന്ന പത്ര പ്രവർത്തകൻ വാർത്തയായി. ഇന്ദിരാ ഗാന്ധി വധത്തെ തുടർന്ന് ന്യൂഡൽഹിയിൽ നടന്ന സിഖ് വിരുദ്ധ കലാപകേസിൽ കോൺഗ്രസ് നേതാവ് ജഗദീഷ് ടൈറ്റ്ലറെ സി.ബി.ഐ കുറ്റവിമുക്തനാക്കിയതിൽ രോഷം പ്രകടിപ്പിചാണ് ഈ സിഖ് പത്രപ്രവർത്തകൻ ആഭ്യന്തര മന്ത്രിക്കെതിരെ ഷൂ എറിഞ്ഞത്. മാപ്പു നൽകിയതായി ചിദംബരം അറിയിച്ചതിനു പിന്നാലെ ജർണയ്ലിനെ കേസെടുക്കാതെ വിട്ടയച്ചു. എന്നാൽ സിഖ് സമുദായ സംഘാടകർ അദ്ദേഹത്തിന് വീരപരിവേഷം നൽകുവാൻ വൈകിയില്ല. യുവ അകാലിദൾ രണ്ടു ലക്ഷം രൂപയാണ്പാരിതോഷികം പ്രഖ്യാപിച്ചത്. മാത്രമല്ല സിഖുകാരുടെ ആത്മാഭിമാനം ഉയർത്തി കോൺഗ്രസ് ആ സ്ഥാനത്തെ മാധ്യമ സമ്മേളന വേദിയിലേക്ക് പറന്ന ഷൂ ലേലം ചെയ്യുവാനും ആലോചനയുണ്ട്. ഷൂ ഏറിന് നമ്മുടെ ഇടയിൽ എന്ത് പ്രശസ്തി എന്ന് വായനക്കാർക്ക് ആശങ്കയുണ്ടായിരിക്കും പരദൂഷണവും അപവാദങ്ങളുമാണ് ഷൂസിന്റെ രൂപത്തിൽ മറ്റുള്ളവരിലേക്ക് വലിച്ചെറിയുന്നത്. സംഭവവും പ്രതികരണവും കൂടിചേർന്നാണ് ജീവിതം. ജീവിതം എന്ന് പറയുന്നത് 10 ശതമാനം നിങ്ങൾക്കു സംഭവിക്കുന്നതും 90 ശതമാനം അതിനോടുള്ള നമ്മുടെ പ്രതികരണവുമാണ്. എന്ന സ്വിൻഡോളിന്റെ വാക്കുകൾ നമ്മുടെ കണ്ണുകളെ തുറപ്പിക്കണം നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ കഴിയാത്ത വിഷയങ്ങളിൽ പ്രതികരിക്കരുത്. കാരണം സംഭങ്ങളെ കൂടുതൽ ഗുരുതരമാക്കുന്നത് നമ്മുടെ പ്രതികരണമാണ്.

സഭാകമ്മറ്റികളിലും മറ്റും അകാരണമായി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവർക്ക് വീരപരിവേഷം പ്രവണത നമുക്കുണ്ട്. ആത്മീയ വേദികളെ മലിനമാക്കുന്ന ഇത്തരം ഇത്തികണ്ണികളെ നാം തിരിച്ചറിയണം. ക്രിയാത്മകമായ വിമർശനം അനിവാര്യമാണ്. തെറ്റുകൾക്കെതിരെ പ്രവാചകശബ്ദമായി എഴുന്നേൽക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. പക്ഷെ വ്യക്തി താൽപര്യങ്ങൾക്ക് വേണ്ടി ആത്മീയ മുല്യങ്ങൾ ബലികഴിക്കരുത്. തനിക്കെതിരെ ഷൂ എറിഞ്ഞ വ്യക്തിയോട് ക്ഷമിക്കുവാൻ തയ്യാറായ ചിദംബരത്തിന്റെ നടപടി ശ്രദ്ധേയമാണ്. രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടിയാണ് ഇത്തരമൊരു നാടകമെന്ന് ആരോപണമുണ്ടെങ്കിലും ചിദംബരത്തിന്റെ വലിയ മനസ്സിനെ നമുക്ക് ആദരിക്കാം. കാരണം ക്ഷമ എന്ന വാക്കിന് നമ്മുടെ ഇടയിൽ പ്രശസ്തി നഷ്ടപെടുകയാണ്. ക്ഷമിച്ചാലും മറക്കുവാൻ കഴിയുകയില്ലെന്ന ഹുങ്കാരമാണ് പലർക്കും ഇത്തരം ക്ഷമയ്ക്ക് എന്തു പ്രശസ്തി? പരസ്പരം ക്ഷമിക്കുവാനും പൊറുക്കുവാനും പഠിപ്പിച്ച ക്രസ്തുനാഥന്റെ വഴികളിൽനിന്നും നാം അകലുകയല്ലേ? കലഹത്തിന്റെയും പകയുടെയും മഞ്ഞുമലകൾ ഉരുകി സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും നീർച്ചാലുകൾ സൃഷ്ടിക്കപ്പെടണം. അനുതാപമില്ലാത്ത മാനസാന്തരം ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുകയില്ല എന്ന സത്യം നാം തിരിച്ചറിയണം.

# നരേന്ദ്രമോദിയുടെ ഗുജറാത്തിൽ



**സാംകുട്ടി ചാക്കോ നിലമ്പൂർ**
(ഹല്ലേല്ലുയ്യ ചീഫ് എഡിറ്റർ)

പൊതു തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുന്നതിന് തൊട്ട് മുമ്പാണ് ഞാൻ ഗുജറാത്ത് സന്ദർശിച്ചത്. സൗത്ത് ഗുജറാത്തിലെ ആദിവാസി ക്രിസ്ത്യാനികൾക്കിടയിൽ പ്രവർത്തിക്കുന്ന ശക്തരായ ഒരു ദൈവദാസനാണ് പാസ്റ്റർ ജോർജ്ജ് ഫിലിപ്പ്. പൊതുവിൽ 'രാജുഭായി'യെന്നാണ് അദ്ദേഹത്തെ എല്ലാവരും വിളിക്കുന്നത്. പുനലൂർ സ്വദേശിയായ ഈ ദൈവദാസൻ കഴിഞ്ഞ ഇരുപതിലേറെ വർഷങ്ങളായി സൗത്ത് ഗുജറാത്തിലെ വ്യാരയിൽ താമസിച്ച് മിഷിനറി പ്രവർത്തനം നടത്തുന്നു. ഇതിനകം ഇരുപത്തയ്യായിരത്തിലധികം ആളുകളെ അദ്ദേഹം സ്നാനപ്പടുത്തികഴിഞ്ഞു. രാജുഭായിയുടെ സഭയുടെ പേര് 'ഫെയ്ത്ത് ചർച്ച് ' എന്നാണ്. ഫെയ്ത്ത് ചർച്ചും നോർത്തിന്ത്യയിലെ മറ്റൊരു മിഷിനറി പ്രസ്ഥാനമായ പത്മോസ് മിനിസ്ട്രിയും ചേർന്ന് സംഘടിപ്പിച്ച ഒരു മെഗാ കൺവൻഷനിൽ പങ്കെടുക്കയായിരുന്നു എന്റെ ഗുജറാത്ത് യാത്രയുടെ പ്രഥമ ലക്ഷ്യം. ഗുജറാത്ത് വർഗീയ കലാപങ്ങൾകൊണ്ട് കുപ്രസിദ്ധമാണ്. കാവി രാഷ്ട്രീയത്തിന്റെ വിളവു കൊയ്ത് നരേന്ദ്രമോദിയുടെ നാട്. മഹാത്മാഗാന്ധിയുടെ ജന്മനാടായ ഗുജറാത്ത് തന്നെയാണ് ഇന്ത്യയിലെ ഏറ്റവും വലിയ കലാപങ്ങളുടെ വിളഭൂമിയുമെന്നത് ഏറ്റവും വൈരുധ്യം. എന്നിരുന്നാലും ഗുജറാത്തിലേക്കുള്ള എന്റെ യാത്ര വ്യത്യസ്ഥമായിരുന്നു. പൊതുവെ മുസ്ലീം ഹൈന്ദവ കലാപങ്ങൾ കുറവുള്ള മേഘലയാണ് സൗത്ത് ഗുജറാത്തിലെ ആദിവാസി ജില്ലകൾ. ഇവിടെ ക്രിസ്ത്യാനികൾകെതിരെ ശക്തമായ നീക്കങ്ങളാണ് വർഗീയശക്തികൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഗുജറാത്തിൽ ആകെ 8 ലക്ഷം ക്രിസ്ത്യാനികളാണുള്ളത്. അതിൽ അഞ്ചുലക്ഷവും സൗത്ത് ഗുജറാത്തിലെ 3 ഡിസ്ട്രിക്കിലായിട്ടാണ്. ഇവിടെയുള്ള ഒരു ലക്ഷം ആദിവാസി ക്രിസ്ത്യാനികളെ തിരികെ ഹിന്ദുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് മൂന്നു വർഷം മുമ്പ് ഡാംഗ്സ് എന്ന സ്ഥലത്ത് ഹൈന്ദവ സംഘാടകർ മഹാകുംഭമേള നടത്തി. രാജ്യംമുഴുവൻ ഈ വാർത്തയറിഞ്ഞു. വലിയ കലാപ സാധ്യത ഉണ്ടായതിനെ തുടർന്ന് അന്നത്തെ മൈനോറിറ്റി കമ്മീഷൻ അംഗമായിരുന്ന വി.വി.അഗസ്റ്റിൻ ഡാംഗ്സിൽ സന്ദർശനം നടത്തുകയും ക്രിസ്ത്യനികളെ സംരക്ഷിക്കാനുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുകയും ചെയ്തു. ഈ മേഖലയുടെ ഏറ്റവും വലിയ പ്രശ്നം? ഇവിടെയുള്ള ആദിവാസി ക്രിസ്ത്യാനികൾ വളരെ ഉറച്ച ക്രിസ്ത്യാനികളാണെന്നാണ്. അവർ ഏതെങ്കിലും പ്രലോഭനത്താലോ, നിർബന്ധത്താലോ ക്രിസ്ത്യാനികളായവരല്ല. അതിനാൽ തന്നെ ഇവർക്കെതിരെ പ്രവർത്തിക്കുന്നവർക്കെതിരെ തിരിച്ചടിക്കാനും മടിക്കില്ല. തന്മൂലം കലാപ സാധ്യത കൂടുതലാണ്. സോങ്കഡിൽ രാജുഭായി സംഘടിപ്പിച്ച വാർഷീക കൺവൻഷനിൽ പങ്കെടുക്കാൻ ഞങ്ങൾ സോങ്കഡിൽ എത്തി. ആദ്യദിനം തന്നെ മൂവായരത്തിലധികം പേർ കൺവൻഷനിൽ എത്തി. രണ്ടാം ദിവസം അത് പതിനായിരമായി. അവസാനദിവസങ്ങളിൽ കാൽലക്ഷത്തോളം ജനങ്ങൾ പങ്കെടുക്കേണ്ടതാണ്. വിശ്വഹിന്ദു പരിഷിത്ത് കൺവൻഷൻ സ്ഥലത്തേക്ക് പ്രകടനം നടത്താൻ തയ്യാറെടുക്കുന്നു എന്ന് പറഞ്ഞ് പോലീസ് രണ്ടാം ദിവസം യോഗം തടഞ്ഞു. തൊട്ടടുത്ത ആഴ്ചയിൽ വാപി എന്ന സ്ഥലത്ത് ന്യൂ ഇന്ത്യ ദൈവസഭയുടെ വാർഷീക കൺവൻഷൻ ക്രമീകരിച്ചിരുന്നു. ലക്ഷകണക്കിന് രൂപ ചിലവു ചെയ്ത് സംഘടിപ്പിച്ച ആ യോഗങ്ങൾ തുടങ്ങുന്നതിനു ഒരു മണിക്കൂർ മുമ്പ് വി.എച്ച്.പി.ക്കാർ ആ യോഗവും തടഞ്ഞു. പൊതു ഗ്രൗണ്ടിൽ നടത്താനിരുന്ന മീറ്റിംങ്ങുകൾ ഹോളിനകത്തു മാത്രം നടത്തി അവസാനിപ്പിക്കേണ്ടി വന്നു. അതിഥി പ്രസംഗകർ മടങ്ങിപ്പോയതിനാൽ തുടർന്നു നടന്ന യോഗങ്ങളിൽ രണ്ടു ദിവസങ്ങളിൽ വചനശുശ്രൂഷക്കായി എന്നെയാ ണ് അവർ വിളിച്ചത്. ഇതേ സമയത്ത് അതിർത്തി പ്രദേശമായ നവപ്പൂരിൽ കർണാടകയിൽ നിന്നുള്ള വരപ്രസാദ് എന്ന ദൈവദാസന്റെ മീറ്റിംങ്ങുകളും അവസാന നിമിഷം തടയപ്പെട്ടു. ഇവിടെ പക്ഷെ കോടതി വഴിയാണ് യോഗം നിരോധിക്കപ്പെട്ടത്. ആസ്ഥലത്തും ഞാൻ സന്ദർശിച്ചു. പൊതുവെ ഭാരതത്തിലെ ഹൈന്ദവ വർഗീയ പാർട്ടികൾ അൽപം ക്ഷീണിച്ചിരിക്കുകയാണ്. മലേഗാവ് സ്ഫോടനങ്ങളിൽ സന്യാസിയുൾപ്പടെയുള്ളവർ പിടിക്കപ്പെട്ടതോടെ ബി.ജെ.പി.യുടെ കപട ദേശസ്നേഹം ഭാരതീയർ തിരിച്ചറിയുകയായിരുന്നു. അർത്ഥരാത്രിക്ക് സൂര്യനുദിച്ചതുപോലെ നാണം മറയ്ക്കുവാൻ പാടുപെടുകയാണ് സംഘപരിവാരം. ഈ പൊതു തിരഞ്ഞെടുപ്പിൽ പിടിച്ചു നിൽക്കാൻ വർഗീയ പാർട്ടികൾക്ക് ചില കലാപങ്ങൾ അനിവാര്യമായിരിക്കുന്നു. അതിനുള്ള ചില ശ്രമങ്ങളാണ് സൗത്ത് ഗുജറാത്തിൽ ഉണ്ടായതെന്ന് കരുതേണ്ടിയിരിക്കുന്നു. ഏതെങ്കിലും മലയാളി പാസ്റ്റർമാർ ആദിവാസി ക്രിസ്ത്യാനികളെ ശാന്തരാക്കിയതിനാൽ വലിയ പ്രശ്നങ്ങൾ ഒഴിവായെന്ന് മാത്രം. ഏതാകിലും നമ്മുടെ രാജ്യത്തെ ഓർത്ത് പ്രാർത്ഥിക്കുക. ദൈവം രാജ്യത്തെ രക്ഷിക്കട്ടെ.

# യുവജന വിദ്യാർത്ഥി സമ്മേളനം

അബൂദാബി: ഇന്റർ കോളേജിയേറ്റ് പ്രയർ ഫെല്ലോഷിപ്പും (ഐ.സി.പി.എഫ്) അബുദാബി പെന്തകോസ്തൽ കോൺഗ്രഗേഷൻ (ആപ്പ്കോൺ) സംയുക്തമായി സെന്റ് ആഡ്രൂസ് ചർച്ചിൽ യുവജന വിദ്യാർത്ഥി സമ്മേളനം നടത്തി. സമ്മേളനം എംസി.സി. സണ്ടേസ്കൂൾ പ്രിൻസിപ്പാൾ ഏലയാസർ ജോൺ ഉദ്ഘാടനം ചെയ്തു. ഡോ: പോൾസൺ പുലിക്കോട്ടിൽ, സിംജൻ ചീരൻ, പാസ്റ്റർ ഫിജി, ഇവ.സുനിൽ ജോയൽ ദാസ്, സുനിൽ സക്കറിയ, ജേക്കബ് വർഗ്ഗീസ് എന്നിവർ വിവിധ സെഷനുകളിൽ സംസാരിച്ചു. ഡാൻ മാത്യു ഗാന പരിശീലനം നടത്തി. വില്ല്യം ഡാനിയേൽ സ്വാഗതം, ഒ.റ്റി. മാത്യു കുട്ടി നന്ദി പറഞ്ഞു. പി.റ്റി.പ്രദീപ്, സന്തോഷ് ഈപ്പൻ പിസി.ഗ്ലെന്നി എന്നിവർ നേതൃത്വം നൽകി.

## സാമ്പത്തിക പ്രതിസന്ധിയും ആത്മഹത്യയും ചർച്ച നടത്തി

കുവൈറ്റ്: റിലീഫ് നെറ്റ് ഇന്റർ നാഷണൽ സാമ്പത്തിക "പ്രതിസന്ധിയും ആത്മഹത്യയും" എന്ന വഷയത്തെ കുറിച്ച് റിലീഫ് സെന്ററിൽ ചർച്ചാ സമ്മേളനം സംഘടിപ്പിച്ചു. ബിജു അമ്പാട്ട് അധ്യക്ഷക വഹിച്ചു. സമ്മേളനം കെ.ടി.എം.സി.സി. പ്രസിഡന്റ് എം.പി. ജോസഫ് ഉദ്ഘാടനം ചെയ്തു. ഐ.പി.സി. കുവൈറ്റ് സഭാശുശ്രൂഷകൻ പാസ്റ്റർ വർഗ്ഗീസ് മാത്യു മുഖ പ്രസംഗം നടത്തി. അഡ്വ: ജോൺ തോമസ്, കൈരളി പ്രവാസ ലോകം പ്രതിനിധി തോമസ് കടവിൽ, അയനം എഡിറ്റർ മുഹമ്മദ് റിയാസ് എന്നിവർ പ്രഭാഷണം നടത്തി. അനുഭവ സാക്ഷ്യങ്ങളും ഉണ്ടായിരുന്നു. റിലീഫ് നെറ്റ് ചെയർ മാൻ സാംറ്റി ജോർജ് സ്വാഗതവും, ആന്റണി ജോർജ്ജ് നന്ദി പരഞ്ഞു. പാസ്റ്റർ കുഞ്ഞുമോൻ സമാപന പ്രാർത്ഥന നടത്തി.

## ആദരിച്ചു

ഷാർജ: ഷാർജ ഐ.പി.സി ശുശ്രൂഷകനായിരുന്ന പാസ്റ്റർ സ്റ്റീഫൻ മാത്യുവിനെ ഷാർജ ചർച്ച് ഓഫ് ഗോഡ് (കല്ലുമല) സുവിശേഷ രഗത്ത് തന്റെ പ്രവർത്തനങ്ങളെ മാനിച്ച് ആദരിച്ചു. പാസ്റ്റർ സജി ഒ വർക്കി അധ്യക്ഷത വഹിച്ചു. ഇവ. പി.സി. ജോർജ്ജ് ജോൺ, എ.സി. ജോരജ്ജ്, മോളി ഷാജു, സ്നേഹാ സജി എന്നിവർ സംസാരിച്ചു

## സദ്വാർത്ത 2009

ഷാർജാ: "പ്രതിസന്ധികളെ തരണം ചെയ്യുന്നതെങ്ങിനെ" എന്ന വിഷയത്തെ ആസ്പദമാക്കി യൂണിയൻ ചർച്ചിൽ വച്ച് സദ്വാർത്ത സമ്മേളനം നടന്നു. പ്രശസ്ത വേദ പണ്ഡിതനും പൂന യു.ബി.എസ്സ് ഡീനുമായ ഡോ. പി.യു.പോൾ സൺ സംസാരിച്ചു. പാസ്റ്റർ സ്റ്റീഫൻ മാത്യു ഉദ്ഘാടനം ചെയ്തു സിംജൻ ചീരൻ അദ്യക്ഷനായിരുന്നു. സ്പിരിച്ചൽ സിംഗേഴ് ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി. പിസി.ഗ്ലെന്നി സ്വാഗതവും ഫ്രെഡി ജോർജ്ജ് നന്ദിയും പറഞ്ഞു.

## സ്തുതി ഹൃദയത്തിൽ നിന്നുയരണം

അബൂദാബി: ദൈവത്തിന് നൽകുന്ന സ്തുതി സ്തോത്രങ്ങൾ അധരത്തിൽ നിന്നല്ലാ ഹൃദയങ്ങളിൽ നിന്നാകണമെന്ന് പ്രശസ്ത വേദ പണ്ഡിതനും പൂന യൂണിയൻ ബിബ്ലിക്കൽ സെമിനാരി ഡീനുമായ ഡോ.പോൾസൺ പുലിക്കോട്ടിൽ പറഞ്ഞു. എംസി.സി.യും ഐ.സി.പി.എഫും സംയുക്തമായി സംഘടിപ്പിച്ച സദ്വാർത്താ പ്രഭാഷണ സംമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വില്ല്യം ദാനിയേൽ അധ്യക്ഷത വഹിച്ചു. എം.സി.സി. സെക്രട്ടറി റ്റി.എം, എബ്രഹാം സ്വാഗതം പറഞ്ഞു. എം.സി.സി. ക്വയർ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി.

## യൂണിയൻ ചർച്ച് സെക്രട്ടറി വി.എം. വർഗ്ഗീസ്



ഷാർജാ: ഷാർജയിലെ വിവിധ സഭകളുടെ ആരാധനാലയമായ യൂണിയൻ ചർച്ചിന്റെ ഈ വർഷ ത്തെ സെക്രട്ടറിയായി ഐ.പി.സി ഷാർജാ യൂണിയൻ ചർച്ച് സഭാംഗമായ വി. എം. വർഗ്ഗീസിനെ തിരഞ്ഞെടുത്തു.

## യാത്രയയപ്പ് നല്കി

ഷാർജ: ശുശ്രൂഷാ കാലാവധി പൂർത്തിയാക്കി നാട്ടിലേക്ക് മടങ്ങിയ ഐ.പി.സി. ഷാർജയടെ സഭാശുശ്രൂഷകൻ പാസ്റ്റർ സ്റ്റീഫൻ മാത്യുവിന് സമുചിതമായ യാത്രായയപ്പ് നല്കി. യൂണിയൻ ചർച്ചിൽ നൈനാൻ മാത്യുവിന്റെ അധ്യക്ഷതയിൽ നടന്ന യാത്രയയപ്പ് സമ്മേളനത്തിൽ സഭയുടെ വിവിധ പുത്രികാ സംഘടനകളെ പ്രതിനിധീകരിച്ച് സൈമൺ വർഗ്ഗീസ്, മോളിക്കുട്ടി വർഗ്ഗീസ്, ബിജു സക്കറിയ, സാം. വി. മാത്യു, വിൽസൺ കുരിക്കാട്ടിൽ, ലാൽമാത്യു, എന്നിവർ ആശംസകൾ അറിയിച്ചു. യൂണിയൻ ചർച്ച് ചെയർമാൻ ശാമുവേൽ എബ്രഹാം, ഐ.പി.സി. റീജണൽ സെക്രട്ടറി, പാസ്റ്റർ വിൽസൺ ജോസഫ്, എന്നിവർ സംസാരിച്ചു. അലക്സ് എൻ ജേക്കബ് സ്വാഗതവും ലിനോ മാത്യു നന്ദിയും പറഞ്ഞു.

## ആയിരംകിലോയുള്ള കുരിശുമായി

തൃശൂർ: ആയിരം കിലോഭാരമുള്ള കുരിശും വഹിച്ചുകൊണ്ട് അമ്പതോളം നാനാജാതി മതസ്ഥരായ യുവജനങ്ങൾ മലയാറ്റൂർ മല യിൽ കയറി. തൈക്കാട്ടുശേരി സെന്റ് ആന്റണീസ് ഇടവകയുടെ നേതൃത്വത്തിൽ ഫാദർ ജോസഫ് തെക്കിന ത്തിന്റെ നേതൃത്വത്തിലാണ് യുവാ ക്കൾ കുരിശു പണിത് മലയാറ്റൂർ മലയിലേക്ക് ഇത് കൊണ്ടുപോയത്. പള്ളിയിൽ വച്ച് പൈൻമരത്തിൽ ഉണ്ടാക്കിയ കുരിശ് ലോറിയിൽ മലയടിവാരത്തിലെത്തിച്ച് അവിടെ നിന്നും ഇടവകാംഗങ്ങൾ ചേർന്ന് തോളിലേറ്റിയാണ് മലമുകളിൽ കുരിശ് എത്തിച്ചത്. കുരിശുപണിത് മലയിൽ കയറ്റുവാൻ മുന്നിട്ടു നിന്ന നാനാജാതി മതസ്ഥരായ വ്യക്തികൾ നോമ്പുനോറ്റാണ് ഈ യജ്ഞം നടത്തിയത്. കാവി വസ്ത്രം ധരിച്ചും കഴുത്തിൽ വലിയ കുരിശുതൂക്കി യും ദീക്ഷ വളർത്തിയും ശബരിമല കയറുന്ന മതാനുഷ്ഠാനങ്ങളോടെ നോമ്പുനോക്കിയും മലയാറ്റൂർ മലകയറുന്നവരുടെ എണ്ണം കൊല്ലം തോറും വർദ്ധിച്ചു വരുന്നുണ്ട്.

## രാജൻ തറയശ്ശേരി എം.സി.സി. സെക്രട്ടറി.





അബുദാബി: മലയാളി ക്രിസ്ത്യൻ കോൺഗ്രിഗേഷൻ എം.സി.സി യുടെ നാലപ്പതാമത് വാർഷീക പോതുയോഗം സെന്റ് ആഡ്രൂസ് ചർച്ചിൽ വച്ച് നടന്നു. പാസ്റ്റർ തോമസ് വർഗ്ഗീസിന്റെ ആധ്യക്ഷതയിൽ നടന്ന യോഗത്തിൽ എംസി.സി. സെക്രട്ടറി റ്റി.എം. ഏബ്രഹാം റിപ്പോർട്ട് അവതരിപ്പിച്ചു. പുതുയ ഭാരവാഹികളായി സെക്രട്ടറി രാജൻ തറയശ്ശേരിയെ സെക്രട്ടറിയായും, ക്വയർ ലീഡറായി റെജി എബ്രഹാമിനേയും, ഓഡിറ്ററായി റ്റി.വി. വർഗ്ഗീസിനേയും തിരഞ്ഞെടുത്തു. വിവിധ സഭകളിലെ 26 അംഗങ്ങളാണ് എം.സി.സി.ക്കുള്ളത്. എല്ലാ വെള്ളഴ്യ്യോഴ്ചയും രാത്രി 8 മുതൽ 10 വരെയാണ് എം.സി.സി. കൂട്ടായ്മ.

Visit & Join Our Social Net work
www.mannanews.ning.com

For advertisement and news publishing please contact:- 0503241610, 0553969791
mannanewsuae@gmail.com

എല്ലാവിധ സംഗീത ഉപകരണങ്ങൾക്കും
New Mountain
Music Instrument Trading.L.L.C
Souk Al Ghuwair Near Rolla Mall- Rolla Sharjah
Mob: 050 5857110, 0507398434,
Tele / Fax : 06 5610623

Come and be blessed
Life Changers International Ministries
English worship and service on every saturday at 8pm to 10pm in evangelical center in AbuDhabi.
Malayalam service on every Friday in the city at 5pm to 7pm
www.glorylife.org, sendprayer@glorylife.org , phone # +971503255070
Touching the world with Love of christ

# ആത്മീക ചൈതന്യം നിറഞ്ഞ വിദ്യാർത്ഥി ക്യാമ്പ്

ഷാർജ: ആത്മീക ചൈതന്യം നിറഞ്ഞ ഐ.സി.പി.എഫ് ക്യാംപ് വിദ്യാർത്ഥികൾക്ക് മറക്കാനാകാത്ത ദിനങ്ങളാക്കി. ഇന്റർ കോളേജിയേറ്റ് പ്രയർ ഫെല്ലോഷിപ്പ് യു.എ.ഇ. റീജിയൻ കമ്മറ്റി യൂണിയൻ ചർച്ചിൽ സംഘടിപ്പിച്ച ത്രിദിന ക്യാംപിൽ 750 ഓളം വിദ്യാർത്ഥികൾ പങ്കെടുത്തു. ഐ.പി.സി. യുഎ.ഇ. റീജിയൻ സെക്രട്ടറി പാസ്റ്റർ വിൽസൺ ജോസഫ് ക്യാപ് ഉദ്ഘാടനം ചെയ്തു. പൂന യൂണിയൻ ബിബ്ലിക്കൽ സെമിനാരി ഡീൻ ഡോ. പോൾസൺ പുലിക്കോട്ടിൽ, ഐ.സി.പി.എഫ് പ്രമോഷണൽ സെക്രട്ടറി സുനിൽ സക്കറിയ, നേഷണൽ കൗൺസിൽ അംഗം സിംജൻ ചീരൻ എന്നിവർ വിവിധ സെക്ഷനുകളായി ക്ലാസ്സുകൾ എടുത്തു. കുട്ടികൾക്കു വേണ്ടി നടത്തിയ വി.ബി.എസിൽ സി.ഇ.എഫ്. ഡയറക്ടർ ജോയ് ഫിലിപ്പ് നേതൃത്വം നൽകി. 123 വിദ്യാർത്ഥിൾ



യേശുവിനെ സ്വന്ത രക്ഷിതാവായി ക്യാപിൽ വച്ച് സ്വീകരിച്ചു. 76 പേർ സ്നാനപ്പെടുവാനും, 31 വിദ്യാർത്ഥികൾ പഠനനത്തിന് ശേഷം സുവിശേഷ വേലക്ക് ഇറങ്ങുവാനും തീരുമാനിച്ചു. ഫുജൈറ, അൽ ഐൻ, അബുദാബി, ഉമ്മൽ കൊയിൻ, റാസൽ ഖെയ്മ, ദുബായ്, ഷാർജ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ എത്തിയിരുന്നു. ക്യാംപിലെ ബെസ്റ്റ് സ്റ്റുഡന്റ് ആയി ഫേബ എബ്രഹാം, ലിഡിയ ജെയ്സൺ ജോൺ എന്നിവരെ തിരഞ്ഞെടുത്തു, ഐ.സി.പി.എഫ് യു.എ.ഇ. റീജിയൻ സെക്രട്ടറി സന്തോഷ് ഈപ്പന്റെ നേതൃത്വത്തിലുള്ള വിപുലമായ കമ്മറ്റിയാണ് ക്യാംപിന് നേതൃത്വം നൽകിയത്. പാസ്റ്റർ ജോർജ്ജ് ജോസഫ്, പാസ്റ്റർ സ്റ്റീഫൻ മാത്യു, നൈനാൻ ഡാനിയേൽ, ജെയിസൺ ഫിലിപ്പ്, ഷാജി മാത്യു, മാത്യു ശാമുവേൽ, ജേക്കബ് റ്റി വർഗ്ഗീസ്, സുനിൽ ജോയൽ ദാസ് എന്നിവർ വിവിധ സെഷനുകളിൽ അധ്യക്ഷത വഹിച്ചു. ഗാന പരിശീലനത്തിന് ഡാൻ മാത്യു നേതൃത്വം നൽകി. ഫ്രെഡി ജോർജ്ജ്, ബ്രേറ്റി ജോയ്, എബി എബ്രഹാം, നിതിൻ തോമസ്, പി.സി. ഗ്ലെന്നി എന്നിവർ നേതൃത്വം നൽകി.


Mizpah LLC

Specialized in data center fit out works

Supply ,Installation and commissioning all types and varies range of UPS,CCU, All types of raised floor(wood core and silica type) Diesel Generators ,Water leak detectors, ATS . Fire protection system (FM 200,Argone,form system) CCTV and Access card systems. Etc

Mizpah Decors LLC.

All types of inertial decoration works,
Furniture works ,General Maintenance Etc

For more details contact.
Jacob David -050 6394752 Fax 06 5676228

Al Khaja Building Materials Trdg

PB 2499, Ajman, UAE Email: khajamat@eim.ae Tel: 06 7484070, Fax: 06 7484071
Fujairah (Qidfah) TeleFax: 09 2380628
RAK (Near Emirates Rd R/A) Tel: 07 2444638
Visit us at: www.brobuilders.com

Leading Importer, Exporter, Wholesaler & Retailer of BROMAT brand ceiling & partition products

Our Product Range

PVC Gypsum Ceiling
Coated Gypsum Ceiling
Mineral Fibre Ceiling
Gypsum Board
Calcium Silicate Board System
T-grid Suspension System
Galvanised Channel for Ceiling
Galvanised Drywall for Partition
Aluminium Ceiling
Paints & Brushes
Nails & Binding Wires
Manhole Covers

and many more......




Edited, Printed and published by P.C. Glenny, Editor in charge Pramod Koothur, mannanewsuae@gmail.com, visit - www.mannanews.ning.com